# "നാഴിക വന്നിരിക്കുന്നു"

## യോഹന്നാൻ 12:20-36, 46-48, ഒരടുത്ത നോട്ടം

പല സന്ദർഭങ്ങളിലും, "പ്രസംഗിക്കുവാൻ എനിക്ക് ഒരു പ്രസംഗം കൂടെ ഉണ്ടായിരുന്നുവെങ്കിൽ" എന്ന വിഷയത്തെ കുറിച്ച് പ്രസംഗിക്കുവാൻ എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്.[1] ഒന്നിലധികം പ്രാവശ്യം, ഞാൻ എന്നോടു തന്നെ, "ഇതു എന്റെ അവസാന പ്രസംഗം ആണെന്നറിഞ്ഞാൽ എന്തു പ്രസം *ഗിക്കും?*" എന്ന് ചോദിച്ചിട്ടുണ്ട്. ഓരോ സമയത്തും ആ ചോദ്യം ചോദിച്ചിട്ട്, വ്യത്യസ്തമായ തീർപ്പിലാണ് ഞാൻ എത്തുന്നത്. കാരണം അതു സദസ്യ രുടെ ആവശ്യവും ആ സമയത്തെ എന്റെ മാനസികാവസ്ഥയും അനുസരി ച്ചാണ് ഇരിക്കുന്നത്.

യോഹന്നാൻ 12–ൽ, യേശുവിന്റെ അവസാന പരസ്യപ്രസംഗം നമുക്ക് ഉണ്ട്,[2] അത് അവന്റെ ക്രൂശിലെ ഏഴു പ്രസ്താവനകൾക്ക് മുമ്പ് പുരുഷാരം കേട്ട അവസാന വാക്കുകളായിരുന്നു. "ഒരു പ്രസംഗം കൂടെ ഉണ്ടായിരുന്നു എങ്കിൽ" എന്ന വിഷയം അവനു ലഭിച്ചിരുന്നു എങ്കിൽ, യേശു എന്തു പ്രസം ഗിക്കുമായിരുന്നു? ഒരുപക്ഷെ യോഹന്നാൻ 12:20–36 അതിനു മറുപടി നൽകു മായിരിക്കാം.

ക്രിസ്തുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ചയിലെ ചൊവ്വാഴ്ച്ച യായിരുനു അത്. യേശു ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ,[3] ജാതികളിൽ ചിലർ അവനെ കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. കഥ ആരം ഭിക്കുന്നു, "പെരുന്നാളിൽ നമസ്ക്കരിപ്പാൻ വന്നവരിൽ ചില യവനന്മാർ ഉണ്ടായിരുന്നു" (യോഹന്നാൻ 12:20). അവർ ഒരുപക്ഷെ യെഹൂദമതാനു സാരികൾ ആയിരുന്നേക്കാം, എന്നാൽ അവർ കൊർന്നെല്യോസിനെ പോലെ "ദൈവ–ഭയം" ഉള്ളവരായിരിക്കാം[4] (പ്രവൃത്തികൾ 10:1, 2). ജാതികൾ സത്യ ദൈവത്തിൽ വിശ്വസിച്ചിരുന്നു, പക്ഷെ അവർ യെഹൂദന്മാരാകുവാനുള്ള മതാനുസാരപ്രക്രിയകൾ നടത്താത്തവരായിരുന്നു.[5]

"അവർ ... ബെത്ത്സെയിദക്കാരനായിരുന്ന, ഫിലിപ്പൊസിന്റെ അടുക്കൽ വന്നു" (യോഹന്നാൻ 12:21). യവനന്മാർ എന്തുകൊണ്ടാണ് ഫിലിപ്പൊസിന്റെ അടുക്കൽ വന്നത് എന്ന് നമുക്ക് തീർച്ചയില്ല.[6] ഒരുപക്ഷെ ഫിലിപ്പൊസിന് ഗ്രീക്ക് പേരുണ്ടായിരുന്നതുകൊണ്ടാകാം.[7] അല്ലെങ്കിൽ അവർ ഒരുപക്ഷെ ആദ്യം കണ്ടുമുട്ടിയ അപ്പൊസ്തലൻ ഫിലിപ്പൊസ് ആയിരിക്കാം.

അവർ "അവനോട് ചോദിച്ചു, പറഞ്ഞു, 'യജമാനനേ ഞങ്ങൾക്ക് യേശു വിനെ കാൺമാൻ താല്പര്യമുണ്ട്'" (യോഹന്നാൻ 12:21). അവർ യേശു വിനെ കുറിച്ച് എങ്ങനെ അറിഞ്ഞു? ഒരുപക്ഷെ അവൻ കുറച്ചു ദിവസ ങ്ങൾക്ക് മുൻപ് ദൈവാലയം ശുദ്ധീകരിച്ചപ്പോൾ അവർ അവിടെ ഉണ്ടായി രുന്നേക്കാം. അവൻ ജാതികളുടെ പ്രാകാരത്തിൽ പ്രസംഗിക്കുന്നത് അവർ കേട്ടിരിക്കാം. എങ്ങനെയായാലും, അവർ അവനെ കുറിച്ച് കേട്ടു, ഇപ്പോൾ

അവനെ അടുത്ത് കാണുവാൻ താല്പര്യപ്പെടുന്നു.[8] അവർ തങ്ങളുടെ ആവശ്യം തുടർന്നുകൊണ്ടിരുന്നു എന്നാണ് "അവർ ... ചോദിച്ചു ... തുടങ്ങി" എന്നതു സൂചിപ്പിക്കുന്നത്. മൂലഭാഷയിലെ ഗ്രീക്ക് ഘടന സൂചിപ്പിക്കുന്നത് അവർ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നു എന്നാണ്.

എന്തു ചെയ്യണമെന്ന് ഫിലിപ്പൊസിന് തീർച്ചയില്ലായിരുന്നു. "യിസ്രാ യേലിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ," ജാതിക ളുടെ അടുക്കൽ പോകരുത് എന്ന് ക്രിസ്തു പന്തിരുവരോട് പറഞ്ഞിരുന്നു (മത്തായി 10:5, 6). ഫിലിപ്പൊസ് ഒരു സ്നേഹിതന്റെ സഹായം തേടി:[9] "ഫിലി പ്പൊസ് ചെന്ന് അന്ത്രെയൊസിനോടു പറഞ്ഞു" (യോഹന്നാൻ 12:22). പിന്നെ "അന്ത്രെയൊസും ഫിലിപ്പൊസും ചേർന്ന് യേശുവിന്റെ അടുത്തു ചെന്ന് പറഞ്ഞു" (വാ.22).

യവനന്മാരുടെ ആവശ്യം യേശു നിറവേറ്റിയോ ഇല്ലയോ എന്ന് നമ്മോട് പറയുന്നില്ല. യോഹന്നാൻ 12 ന്റെ അവസാനം യേശുവിന്റെ വാക്കുകൾക്കുള്ള പശ്ചാത്തലം രേഖപ്പെടുത്തിയിട്ടുണ്ട്, അല്ലാതെ വിശദാംശങ്ങളില്ല. എങ്ങനെ യായാലും, ആ യവനന്മാരും – നാം അടക്കം എല്ലാ ജാതികളും അവന്റെ പ്രതികരണത്തിൽ കർത്താവിന്റെ മനസിലുണ്ടായിരുന്നു എന്നത് അവന്റെ സാന്നിദ്ധ്യം വ്യക്തമാക്കുന്നു (വാ.32 നോക്കുക).

അന്ത്രെയൊസും ഫിലിപ്പൊസും യേശുവിന്റെ അടുക്കൽ വന്ന് യവന ന്മാർ ആവശ്യപ്പെട്ടത് അറിയിച്ചപ്പോൾ, അവൻ പറഞ്ഞു, "നാഴിക വന്നിരി ക്കുന്നു" (വാ.23). ആ പദപ്രയോഗത്തോടെ, അവന്റെ അവസാന പ്രസംഗം എന്നറിയപ്പെട്ടേക്കാവുന്ന അവതരണം നടത്തി. അതുവരെ അവൻ പറഞ്ഞി രുന്നത് "ഇതുവരെയും എന്റെ നാഴിക വന്നി*ട്ടില്ല*" എന്നായിരുന്നു (യോഹന്നാൻ 7:30; എംഫസിസ് മൈൻ; യോഹന്നാൻ 2:4; 7:6; 8:20 നോക്കുക); ഇപ്പോൾ സമയം വന്നിരി*ക്കുന്നു* (യോഹന്നാൻ 13:1 നോക്കുക).

"എന്റെ നാഴിക വന്നിരിക്കുന്നു" എന്ന് യേശു പറഞ്ഞപ്പോൾ, അവന്റെ മനസിൽ പ്രാഥമികമായി തന്റെ മരണം ആയിരുന്നു ഉണ്ടായിരുന്നത് (യോഹന്നാൻ 12:24); എന്നാൽ വേദഭാഗം അതുമായി ബന്ധപ്പെട്ട് പല ചിന്ത കളും നൽകുന്നുണ്ട്. അക്കാരണത്താൽ നമ്മുടെ ഈ "നാഴിക വന്നിരി ക്കുന്നു" എന്ന പഠനം വിവിധ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നു. എങ്ങ നെയായാലും, എല്ലായ്പോഴും, മുഖ്യ വിഷയം ക്രൂശ് തന്നെയായിരിക്കും.

## ക്രൂശിനുള്ള സമയവും സമർപ്പണവും (വാ.23-26)

### ക്രൂശ് (വാ.23, 24)

"മനുഷ്യപുത്രൻ തേജസ്ക്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് ക്രിസ്തു തന്റെ പ്രസംഗം ആരംഭിക്കുന്നത്[10] (വാ.23). മശിഹയെ ആണ് "മനുഷ്യപുത്രൻ" എന്നു പറഞ്ഞത് (ദാനിയേൽ 7:13). "നാഴിക വന്നിരിക്കുന്നു" എന്ന് കർത്താവ് പറഞ്ഞത് "ക്രിസ്തുവിന്റെ തേജസ്ക്കരണത്തിനുള്ളതാണ്" അവൻ മരണത്തെ കുറിച്ചായിരുന്നു ചിന്തി ച്ചത് (യോഹന്നാൻ 12:24). എന്നാൽ അവന്റെ മനസിൽ കല്ലറക്കപ്പുറമായ ഉയർത്തെഴുന്നേല്പും സ്വർഗാരോഹണവുമുണ്ടായിരുന്നു.

യേശുവിന്റെ വാക്കുകൾ ഒരുപക്ഷെ പുരുഷാരത്തെ ആവേശഭരിതരാ

ക്കിയേക്കാം. അവരുടെ മനസിൽ "തേജസ്ക്കരണം" ദേശിയ രാജത്വമായിരുന്നു ഉണ്ടായിരുന്നത്. കുറച്ചു ദിവസങ്ങൾക്ക് മുൻപ് ക്രിസ്തു യെരുശലേമിലേക്ക് വിജയപ്രവേശനം നടത്തിയപ്പോൾ ക്രിസ്തു തേജസ്ക്കരിക്കപ്പെടുമെന്നായിരുന്നു അവർ പ്രതീക്ഷിച്ചിരുന്നത്; എന്നാൽ, ചില കാരണങ്ങൾകൊണ്ട്, അവൻ അവരുടെ പ്രതീക്ഷകൾ നിറവേറ്റിയില്ല. ഇപ്പോൾ അവസാനമായി അവൻ തേജസ്ക്കരണത്തെ കുറിച്ചു പറയുന്നു. റോമർക്കെതിരായി സമ്മേളനം ആഹ്വാനം ചെയ്തു തന്റെ സിംഹാസനം സ്ഥാപിക്കുന്നത് പ്രഖ്യാപിക്കുന്നത് കേൾക്കുവാൻ പുരുഷാരം ശ്വാസം അടക്കിപ്പിടിച്ച് നിന്നിരിക്കാം. അവരുടെ കാഴ്ച്ചപ്പാട് അതായിരുന്നു, എന്നാൽ ഒടുവിൽ, നിത്യതയുടെ കാഹളധ്വനി മുഴങ്ങി, സ്വർഗിയസൈന്യം മാർച്ച് നടത്തുകയും, വിജയം കാഴ്ച്ചക്കുള്ളിലാകുകയും ചെയ്തു! പട്ടാളനടപടികളെ കുറിച്ചു സംസാരിക്കുന്നതിനു പകരം, തന്റെ മരണത്തെ കുറിച്ച് ക്രിസ്തു സംസാരിക്കുവാൻ തുടങ്ങിയപ്പോൾ, അവർ എത്ര നിരാശരായി തീർന്നിരിക്കും!

കർത്താവ് നിസാരമെങ്കിലും ശക്തമായ ഒരു ചിത്രീകരണം നടത്തി: "ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, കോതമ്പ്മണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കും. ചത്തു എങ്കിലോ വളരെ വിളവ് ഉണ്ടാകും" (വാ.24). ഒരു വിത്ത് അലമാരയിൽ വെച്ചാൽ, അതു വർദ്ധിക്കുകയില്ല; അതു "തനിയെ ഇരിക്കും." വിത്ത് മണ്ണിലിട്ട്, ശുശ്രൂഷിച്ചാൽ, അതു "ചാകുകയും" (അതായത്, അതിന്റെ ആകൃതി ഇല്ലാതാകുകയും മാറ്റം വരുകയും ചെയ്യും) – ആ "ചാകൽ," "വളരെ ഫലം കായ്ക്കുവാൻ" പ്രാപ്തമാക്കുന്നു. അതു നൂറും, അറുപതും, മുപ്പതും മേനി വിളവ് നൽകുന്നു (മത്തായി 13:8). ഈ ചിത്രീകരണത്തിൽ, യേശു തന്നെയാണ് വിത്ത്. അവൻ മരിച്ചില്ല എങ്കിൽ, അവന്റെ ജീവൻ അവൻ സൂക്ഷിക്കുകയും മറ്റുള്ളവരെ അനുഗ്രഹിക്കുവാൻ പറ്റാതിരിക്കുകയും ചെയ്യും. മരിച്ചുകൊണ്ടു മാത്രമെ അവനു പുതുജീവൻ കൊണ്ടുവരുവാൻ കഴിയുമായിരുന്നുള്ളു.

**സമർപ്പണം (വാ.25, 26)**

ക്രിസ്തു തുടർന്നു, "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും, ഇഹലോകത്തിൽ തന്റെ ജീവനെ പകക്കുന്നവൻ അതിനെ നിത്യജീവന്നായി സൂക്ഷിക്കും" (വാ.25). "പകെക്കുക" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് "സ്നേഹിക്കാതിരിക്കുക" എന്നാണർത്ഥം;[11] കർത്താവിന്റെ ഇഷ്ടം ചെയ്യുന്നതിനെ നാം ഇഷ്ടപ്പെടുന്നതിനേക്കാൾ കുറച്ചു മാത്രമേ നാം നമ്മുടെ ജീവിതത്തെ സ്നേഹിക്കാവു. ഈ പ്രസംഗത്തിൽ മുഴുവൻ വിപരീത സത്യങ്ങളാണ്: "നിങ്ങൾ നിങ്ങളുടെ ജീവനെ സ്നേഹിച്ചാൽ അതിനെ കളയും"; "നിങ്ങളുടെ ജീവനെ പകെച്ചാൽ അതിനെ സൂക്ഷിക്കും"; "ജീവിക്കുവാനുള്ള ഏകവഴി മരിക്കുക മാത്രമായിരുന്നു."

യേശു തന്റെ വാക്കുകൾ തനിക്ക് തന്നെയായിരുന്നു പ്രയോഗിച്ചത്: തന്റെ ഉദ്ദേശം നിറവേറ്റുവാനും ദൈവപദ്ധതിയിൽ മൂല്യമുള്ളവനാകുവാൻ അവൻ മരിക്കേണ്ടിയിരുന്നു. അവന്റെ വാക്കുകൾ നമ്മിൽ പ്രായോഗികമാക്കുന്നവയാണ്. നാം ദൈവത്തിന് വിലയുള്ളവരാകുവാൻ, നാമും, കൂടെ "മരിക്കണം." ദൈവത്തോട് മരണത്തോളം വിശ്വസ്തത പുലർത്തുവാൻ ആദ്യ ക്രിസ്ത്യാനികളിൽ പലരും ശാരീരികമായി മരിക്കേണ്ടിവന്നു (വെളിപ്പാട് 2:10). അത്തരം ത്യാഗത്തിനായി നമ്മെ വിളിച്ചില്ലെങ്കിൽ പോലും, നാം "സ്വയ

മായി മരിക്കണം.” പൗലൊസ് എഴുതി, “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു” (ഗലാത്യർ 2:20).

യേശു തുടർന്നത്, “മരിക്കുവാൻ” തയ്യാറാകേണ്ടതിന് ശക്തമായ പ്രചോദനം നൽകുന്ന വിധത്തിൽ അവന്റെ ആ ചിന്ത വിപുലമാക്കി: അത് അവനോടുള്ള സേവനത്തിനായിരുന്നു. “എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ ...” എന്നാണ് അവൻ പറഞ്ഞു തുടങ്ങിയത് (യോഹന്നാൻ 12:26). കർത്താവിനു വേണ്ട നിസ്വാർത്ഥ സേവനത്തിന് നാം നമ്മുടെ ജീവിതത്തെ “പകെക്കുന്നു” എന്നു കാണിക്കണം. ഒരാൾ തന്നെത്തന്നെ സമർപ്പിക്കുന്നതിനെ കുറിച്ച് യേശു പറഞ്ഞു, “അവൻ എന്നെ അനുഗമിക്കട്ടെ” (വാ.26). ഇത്തരം സമർപ്പണം വിലയുള്ളതാക്കിത്തീർത്താൽ ലഭിക്കുന്ന പ്രതിഫലത്തെ കുറിച്ചായിരുന്നു പിന്നീടുള്ള അവന്റെ പ്രസ്താവനകൾ. അവൻ പറഞ്ഞു, “ഞാൻ ഇരിക്കുന്നേടത്ത്[12] എന്റെ ശുശ്രൂഷക്കാരനും ഇരിക്കും.” (വാ.26) (ക്രിസ്തു ആ ചിന്ത പിന്നീട് യോഹന്നാൻ 14:1–3 ൽ വിപുലമാക്കി). പിന്നെ അവൻ കൂട്ടിച്ചേർത്തു, “എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും” (യോഹന്നാൻ 12:26). ദൈവത്താൽ തന്നെ മാനിക്കപ്പെടുന്നത് ഊഹിക്കുക! പൗലൊസ് പറഞ്ഞു, “നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു” (2 കൊരിന്ത്യർ 4:17)!

## ഏറ്റുമുട്ടലിനും ഉറപ്പിക്കലിനും ഉള്ള നാഴിക (വാ.27-30)

**ഏറ്റുമുട്ടൽ (വാ.27)**

മരിക്കുന്നതിനെക്കുറിച്ചു സംസാരിക്കുവാൻ യേശുവിന് മടിയില്ലായിരുന്നു, എന്നാൽ അത് അവന് സുഖകരമായിരുന്നു എന്നർത്ഥമാക്കരുത്. മരണത്തെ അഭിമുഖീകരിക്കുക എന്നത് നമുക്ക് എളുപ്പമുള്ള കാര്യമല്ല, കർത്താവിനും അത് എളുപ്പമല്ലായിരുന്നു. അവൻ പ്രോഗ്രാം ചെയ്ത ഒരു റോബോട്ട് ആയിരുന്നില്ല. അവൻ ജഡത്തിലും രക്തത്തിലുമായിരുന്നു; നമുക്ക് വ്യണപ്പെടുന്നതുപോലെ അവനും വ്യണപ്പെട്ടിരുന്നു.

ഗദ്ശമെനയിലെ രംഗം യോഹന്നാൻ രേഖപ്പെടുത്തിയിട്ടില്ല, അവിടെവെച്ച് യേശു പ്രാർത്ഥിച്ചു, “... കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീക്കേണമേ” (മത്തായി 26:39).[13] എങ്ങനെയായാലും, അവൻ അത് ചെയ്തു, യേശുവിന്റെ ഗദ്ശെമനക്കു മുമ്പുള്ള ആത്മാവിലേക്ക് കൊണ്ടുപോകുന്നു. കർത്താവ് പറഞ്ഞു, “ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു” (യോഹന്നാൻ 12:27). ന്യു ഇംഗ്ലീഷ് ബൈബിളിൽ “എന്റെ ഉള്ളം കുഴപ്പത്തിലായി” എന്നാണ്. ഭയങ്കരകാര്യങ്ങൾ വരുവാനിരിക്കുന്നു: ശാരീരിക മരണവേദനക്കും, വലിയ ആത്മിയവേദനക്കും പുറമെ (ദൈവത്തിൽനിന്നുള്ള വേർപാട്), സാത്താനോടുള്ള ആത്മിയ പോരാട്ടവും, ക്രൂശിന്റെ ലജ്ജയും (12:31), ആയിരത്തി അഞ്ഞൂറിലധികം വർഷങ്ങൾ പോറ്റിപ്പുലർത്തിയ ദൈവജനത്തിന്റെ ത്യജിക്കലും.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ, യേശു ചോദിച്ചു, “ഞാൻ എന്തു ചെയ്യേണ്ടു?” (വാ.27). അതായത്, ഞാൻ എന്തിനുവേണ്ടിയാണ് പ്രാർത്ഥി

ക്കേണ്ടത്? "പിതാവേ, ഈ നാഴികയിൽനിന്ന് എന്നെ വിടുവിക്കേണമേ" എന്നാണോ അവൻ പ്രാർത്ഥിക്കേണ്ടത് (വാ.27)? അല്ല.[14] അവൻ പറഞ്ഞു, "ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്ക് വന്നിരിക്കുന്നു" (വാ.27). "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനായിരുന്നു" അവൻ വന്നത് (ലൂക്കൊസ് 19:10). അവൻ ഭൂമിയിലേക്ക് വന്നത് മരിക്കുവാനായിരുന്നു (ഫിലിപ്പിയർ 2:7, 8).

**ഉറപ്പ് (വാ.28-30)**

ഈ കീഴടങ്ങൽ വാക്കുകൾ യേശു പറഞ്ഞു, "പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ" (വാ.28). ആയുഷ്ക്കാല അനുസരണം കൊണ്ടാണ് അവൻ ദൈവനാമത്തെ മഹത്വപ്പെടുത്തിയത് (യോഹന്നാൻ 17:4 നോക്കുക). അവൻ ഇനിയും മരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തും.

ആ സമയത്ത് അപ്രതീക്ഷിതമായ ചിലത് സംഭവിച്ചു: "അപ്പോൾ സ്വർഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു" (യോഹന്നാൻ 12:28). യേശുവിന്റെ ശുശ്രൂഷക്കിടയിൽ ദൈവം സ്വർഗത്തിൽനിന്ന് മൂന്നു പ്രാവശ്യം സംസാരിച്ചു: അവന്റെ സ്നാനത്തിൽ (മത്തായി 3:17), അവൻ മറുരൂപപ്പെട്ടപ്പോൾ (മത്തായി 17:5), പിന്നെ ഈ സാഹചര്യത്തിലും. ശബ്ദം പറഞ്ഞു, "ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു [എന്റെ നാമം], ഇനിയും മഹത്വപ്പെടുത്തും" (യോഹന്നാൻ 12:28). യേശുവിന്റെ ജീവിതത്താൽ അവൻ ദൈവത്തെ മഹത്വപ്പെടുത്തി; ഇപ്പോൾ അവൻ ക്രൂശിനാൽ വീണ്ടും മഹത്വപ്പെടുത്തുവാൻ പോകുന്നു.

സ്വർഗിയ പ്രഖ്യാപനം കേട്ട് പുരുഷാരം അമ്പരപ്പെടുകയും, സംഭവിച്ചതുകൊണ്ട് ജനക്കൂട്ടത്തിൽ ഭിന്നിപ്പുണ്ടാകുകയും ചെയ്തു. "അതു കേട്ടിട്ട് അരികെ നിൽക്കുന്ന പുരുഷാരം ഒരു ഇടി ഉണ്ടായി എന്നു പറഞ്ഞു" മറ്റുള്ളവരോ. "ഒരു ദൈവദൂതൻ അവനോട് സംസാരിച്ചു എന്നു പറഞ്ഞു" (വാ.29). നമുക്ക് താല്പര്യമുള്ളതു മാത്രമേ നാം കേൾക്കുകയുള്ളു എന്നു നമ്മെ ഓർപ്പിക്കുന്നുണ്ട്. ഉദാഹരണത്തിന്, നാം കേൾക്കാതിരിക്കേണ്ടതിന് അന്തരീക്ഷം മുഴുവൻ ശബ്ദം കൊണ്ടു നിറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, നമക്ക് റേഡിയോ ഓൺ ചെയ്തു ഇഷ്ടമുള്ള സ്റ്റേഷൻ എടുത്ത് വാക്കുകളും സംഗീതവും കേൾക്കുന്നു. യേശുവിന്റെ അടുത്തു നിന്ന പലരും ദൈവശബ്ദം കേൾക്കുവാൻ ഒരുങ്ങിയിരുന്നില്ല; അവർക്ക് അത് ഒരു "ഇടിമുഴക്കം" ആയിരുന്നു – അത്ര വലിയ ശബ്ദം. അതുപോലെ, ഇന്ന് അനേകർ പ്രകൃതിയിലേയും അല്ലെങ്കിൽ ബൈബിളിലേയും ദൈവശബ്ദം "കേൾക്കുവാൻ" തയ്യാറല്ല (റോമർ 1:20) (എബ്രായർ 1:1, 2).

തീർച്ചയായും, ചിലർ യോഹന്നാനെ പോലെ, ശബ്ദം കേട്ടു ഗ്രഹിച്ചു. യേശു അടുത്തുള്ളവരിലേക്ക് തിരിഞ്ഞു (പ്രത്യേകിച്ച് അവന്റെ അപ്പൊസ്തലന്മാർ) അവരോട് പറഞ്ഞു, "ഈ ശബ്ദം എന്റെ നിമിത്തം അല്ല, നിങ്ങളുടെ നിമിത്തം അത്രേ ഉണ്ടായത്" (യോഹന്നാൻ 12:30). ആ പ്രയോഗത്തിന്റെ അർത്ഥം ഒരുപക്ഷെ "ഈ ശബ്ദം എന്റെ നിമിത്തം മാത്രമല്ല, നിങ്ങളുടെ നിമിത്തം കൂടെ ആണ്" എന്നായിരിക്കാം.[15] പിതാവിന്റെ ആ ഉറപ്പിക്കൽ തീർച്ചയായും പുത്രന് വരുവാനുള്ള വിചാരണകളിൽ ശക്തിപ്പെടുത്തിയിരിക്കാം, എന്നാൽ യേശു ചെയ്യുവാൻ പോകുന്നത് എല്ലാം ദൈവത്തിന്റെ കാര്യപരിപാടികളാണെന്ന് ശിഷ്യരെ പ്രത്യേകിച്ചു ബോധ്യപ്പെടുത്തുന്നതിനുമായിരുന്നു.

## വിജയത്തിനും പരിവർത്തനത്തിനും ഉള്ള നാഴിക (വാ.31-33)

### വിജയം (വാ.31)

യേശു ക്രൂശിൽ മരിച്ചപ്പോൾ പ്രാധാന്യമുള്ള പലസംഭവങ്ങളും നടക്കുകയുണ്ടായി. ഉദാഹരണത്തിന്, അതൊരു വിജയത്തിനുള്ള സമയമായിരുന്നു, തിന്മയുടെ ശക്തിയിന്മേലുള്ള വിജയം. അത് തല്ക്കാലത്തേക്ക് പരാജയമെന്ന് *തോന്നിപ്പിക്കുമെങ്കിലും*, വാസ്തവത്തിൽ അത് ഒരു വിജയസമയമായിരുന്നു.

യേശു പറഞ്ഞു, "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു, ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും"[16] (വാ.31). ''ലോകത്തിന്റെ പ്രഭു'' എന്നു പറഞ്ഞിരിക്കുന്നതു സാത്താനെയാണ് (യോഹന്നാൻ 14:30; 16:11 നോക്കുക).[17] സാത്താനുമായുള്ള പോരാട്ടം ക്രൂശിൽ ഉച്ചസ്ഥാനത്തെത്തി. ഇന്ന് നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തെ പല സാങ്കല്പികവും, ഐതിഹാസികവുമായി പറയപ്പെടുന്നുണ്ട് (പലപ്പോഴും അതിനെ "അർമ്മഗദോൻ യുദ്ധം" എന്ന് വിളിച്ചിട്ടുണ്ട്), എന്നാൽ ക്രൂശിലെ യുദ്ധം നിർണ്ണായകമായിരുന്നു എന്നാണ് ബൈബിൾ പറയുന്നത്. ക്രിസ്തു ജഡരക്തത്തോടുകൂടെ ആയതിന്റെ ഉദ്ദേശം എബ്രായലേഖകൻ പറയുന്നു, ''മക്കൾ ജഡരക്തത്തോടുകൂടിയവർ ആകകൊണ്ട്, അവനും അവരെപോലെ ജഡരക്തത്തോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ *മരണത്താൽ* നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" (എബ്രായർ 2:14, 15; എംഫസിസ് മൈൻ). സാത്താൻ ഇന്നും പ്രവർത്തിക്കുന്നുണ്ട് (1 പത്രൊസ് 5:8), എന്നാൽ അവന്റെ വീർപ്പ്മുട്ടിക്കുന്ന പ്രവർത്തിയില്ല; അവൻ പരാജയപ്പെട്ട ശത്രുവാണ് (യാക്കോബ് 4:7).

### പരിവർത്തനം (വാ.32, 33)

ക്രൂശിലെ ഏറ്റവും വലിയ വിജയം പാപത്തിന്മേലുള്ള വിജയമായിരുന്നു (2 കൊരിന്ത്യർ 5:21; എഫെസ്യർ 1:7). തന്നെ കാണുവാൻ ആഗ്രഹിച്ച യവനന്മാരെ, യേശു ഒരിക്കലും തന്റെ പ്രസംഗത്തിൽ മറന്നുപോയില്ല. ഇപ്പോൾ അവൻ പറയുന്നത്, തന്റെ മരണം യെഹൂദന്മാർക്ക് വേണ്ടി മാത്രമല്ല, സകല മനുഷ്യർക്കും കൂടെ വേണ്ടിയാണ് എന്നത്രേ: "ഞാനോ ഭൂമിയിൽനിന്നുയർത്തപ്പെട്ടാൽ, എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും" (യോഹന്നാൻ 12:32).

"ഉയർത്തപ്പെടുക'' എന്ന പദപ്രയോഗം പുതിയനിയമത്തിൽ മറ്റൊരു ഭാഗത്ത് പറഞ്ഞിരിക്കുന്നത് ഉന്നതപദത്തിലാക്കുക എന്ന അർത്ഥത്തിലാണ് (1 തിമൊഥെയൊസ് 3:6; യാക്കൊബ് 4:10; കെജെവി നോക്കുക), എന്നാൽ യോഹന്നാന്റെ പുസ്തകത്തിൽ എപ്പോഴും ക്രിസ്തുവിന്റെ മരണത്തെയാണ് സൂചിപ്പിക്കുന്നത് (യോഹന്നാൻ 3:14; 8:28). നമ്മുടെ വേദഭാഗത്തിലെ അടുത്ത വാക്യം പറയുന്നത് "ഇതു താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ചു പറഞ്ഞതത്രേ" (യോഹന്നാൻ 12:33).[18] അവൻ കല്ലെറിഞ്ഞോ, അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലോ ആയിരിക്കയില്ല അവന്റെ മരണശിക്ഷ; മറിച്ച്, അവനെ, ഒരു റോമൻ ക്രൂശിന്മേൽ "ഉയർത്തും".

അതു സംഭവിക്കുമ്പോൾ, അവൻ ''എല്ലാവരേയും തന്നിലേക്ക്

ആകർഷിക്കും": യെഹൂദന്മാരെയും ജാതികളെയും. അവൻ ഇരുപക്ഷ ത്തെയും ഏകശരീരമാക്കും. പൗലൊസ് പിന്നീട് എഴുതി,

> അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും [യെഹൂദന്മാരും ജാതികളും] ഒന്നാക്കി ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകള ഞ്ഞത് സമാധാനം ഉണ്ടാക്കിക്കൊണ്ട്, ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കിസൃഷ്ടിപ്പാനും *ക്രൂശിന്മേൽ* വെച്ച് ശത്രുത്വം ഇല്ലാതാക്കി, അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പി പ്പാനും തന്നെ (എഫെസ്യർ 2:14–16; എംഫസിസ് മൈൻ).

"ഏകശരീരം" സഭയാണ് (എഫെസ്യർ 1:22, 23; കൊലൊസ്യർ 1:18).

യേശു ആളുകളെ ഓടിക്കുകയോ, തള്ളുകയോ, നിർബ്ബന്ധിക്കുകയോ ഇല്ല എന്നോർക്കുക, അവൻ പക്ഷെ, ആളുകളെ *ആകർഷിക്കുകയാണ്* ചെയ്യുക. ക്രൂശിനാലും അതുമൂലമുള്ള സ്നേഹത്താലുമാണ് ദൈവം ആളുകളെ ആകർഷിക്കുന്നത് (യോഹന്നാൻ 3:16; റോമർ 5:8). സൂര്യപ്രകാശം സൗമ്യ മായി പുതിയ ചെടിയെ ആകർഷിക്കുന്നതുപോലെ, ക്രിസ്തുവിന്റെ സ്നേഹ ത്താൽ മൃദുവായി ആളുകളെ അവൻ തന്നിലേക്ക് ആകർഷിക്കുന്നു.[19]

## തെറ്റിദ്ധാരണക്കും വെല്ലുവിളിക്കും ഉള്ള നാഴിക (വാ.34-36, 46-48)

### തെറ്റിദ്ധാരണ

യേശുവിന്റെ വാക്കുകൾ മനസിലാക്കുവാൻ ആളുകൾക്ക് പ്രയാസം നേരിട്ടു. അവർക്ക് മനസിലാകാതിരുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. അവർ പ്രതികരിച്ചു **"ക്രിസ്തു എന്നേക്കും ഇരിക്കുമെന്ന് ഞങ്ങൾ ന്യായപ്രമാണ ത്തിൽ വായിച്ച് കേട്ടിരിക്കുന്നു"**[20] (വാ.34). പഴയനിയമ വേദഭാഗമൊന്നും ഇതു പറയുന്നില്ല, എന്നാൽ പഴയനിയമം പഠിപ്പിക്കുന്നത് മശിഹ *നിത്യ*രാ ജ്യത്തിൽ *എന്നേക്കും* വാഴും എന്നാണ് (യെശയ്യാവ് 9:7; യെഹെസ്ക്കേൽ 37:25; ദാനിയേൽ 7:14 നോക്കുക) മശിഹ/ക്രിസ്തു അത് ചെയ്യുന്നത് "എന്നേക്കും ഇരുന്നു" കൊണ്ടാണെന്ന് യഹൂദന്മാർ ധരിച്ചിരുന്നു.

അവർ ചോദിച്ചു, "... 'മനുഷ്യപുത്രൻ ഉയർത്തപ്പെടേണമെന്ന്, നിനക്ക് എങ്ങനെ പറയാൻ കഴിയും'?" (യോഹന്നാൻ 12:34) "ഉയർത്തപ്പെടുക" എന്ന പദപ്രയോഗം ക്രൂശീകരണത്തെയാണ് സൂചിപ്പിക്കുന്നതെന്ന് അവർക്ക് മന സിലായി, എന്നാൽ മശിഹയെസംബന്ധിച്ച് അവരുടെ കാഴ്ചപ്പാടിന് വിരു ദ്ധമായിരുന്നു അത്. മരിച്ചാൽ അവന് പിന്നെ എങ്ങനെ വാഴുവാൻ കഴിയും? അവർ വിചാരിച്ചത് "മനുഷ്യപുത്രൻ" എന്ന വാക്ക് യേശു ഉപയോഗിച്ചത് അവർക്ക് പരിചയമില്ലാത്ത അർത്ഥത്തിലാണെന്നാണ്. അവർ ചോദിച്ചു, "മനു ഷ്യപുത്രൻ ആർ?" (വാ. 34). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നീ മശിഹ യെക്കുറിച്ചാണോ, അതോ മറ്റു വല്ലവരേയും കുറിച്ചാണോ പറയുന്നത്?"

### വെല്ലുവിളി (വാ. 35, 36, 46-48)

അവരുടെ ചോദ്യത്തിന് യേശു നേരിട്ടല്ലാതെ പരോക്ഷമായി ഉത്തരം

നൽകി: ഫലത്തിൽ, അവൻ മറുപടി പറഞ്ഞത് "മനുഷ്യപുത്രൻ" എന്ന് അവൻ പറഞ്ഞത് ലോകത്തിന്റെ "വെളിച്ചം" ആയിരുന്നു (വാ.35; 8:12; 9:5 നോക്കുക). എങ്ങനെയായാലും, മശിഹ എന്ന പദവിയുടെ വിവരണം തന്റെ ശ്രോതാക്കൾ മനസിലാക്കുന്നതിനേക്കാൾ ഉപരിയായിരുന്നു അവന്റെ ചിന്ത. മറിച്ച്, അവർ അവനെ മശിഹയായി കൈക്കൊള്ളണമെന്നാണ് അവൻ ആഗ്രഹിച്ചത്.

ആ ആളുകൾ വിശ്വസിക്കുവാൻ അവൻ നൽകിയ അവസാന അവസരമാരിക്കാം ഒരു പക്ഷേ അത്. തന്റെ സദസ്യരോട്, ഇനിയൊരിക്കലും പ്രസംഗിക്കുവാനുള്ള അവസരം ലഭിച്ചില്ലെങ്കിലോ എന്ന് കരുതി അവസാനത്തേത് എന്ന് വിചാരിച്ച് പ്രസംഗിച്ചിട്ടുണ്ട്. ഉത്തരവാദിത്വം നിറഞ്ഞ ഒന്നായിരുന്നു, ഞാൻ എന്ത് പറയും? ഞാൻ എന്തു പറയണം?

ആ നിമിഷത്തിൽ അടിയന്തരപ്രാധാന്യമുള്ളതായിരുന്നു ക്രിസ്തുവിന്റെ അപേക്ഷ. അവൻ പറഞ്ഞു, "ഇനി കുറയകാലം മാത്രം വെളിച്ചം നിങ്ങളോടുകൂടെ ഇരിക്കും" (യോഹന്നാൻ 12:35). മുൻപ് അവൻ തന്നെ "ലോകത്തിന്റെ വെളിച്ചം" ആയി പരിചയപ്പെടുത്തി (9:5). തന്റെ മരണത്തിന് മുൻപ് അവൻ ആ ആളുകളോടുകൂടെ കുറെ നാൾ മാത്രമേ കാണുകയുള്ളു. അതു കൊണ്ട് നൽകിയ അവസരം പ്രയോജനപ്പെടുത്തുവാനായിരുന്നു അവന്റെ അപേക്ഷ: "ഇരുട്ട് നിങ്ങളെ പിടിപ്പാതിരിപ്പാൻ, നിങ്ങൾക്ക് വെളിച്ചം ഉള്ളേടത്തോളം നടന്നുകൊൾവിൻ; ഇരുളിൽ നടക്കുന്നവൻ താൻ എവിടെ പോകുന്നു എന്ന് അറിയുന്നില്ലല്ലൊ" (യോഹന്നാൻ 12:35). തന്നെ ക്രിസ്തുവായി കൈക്കൊള്ളുവാനായിരുന്നു അവന്റെ അഭ്യർത്ഥന. "വെളിച്ചം ഉള്ളപ്പോൾ, വെളിച്ചത്തിൽ *വിശ്വസിപ്പിൻ*" (വാ.36; എംഫസിസ് മൈൻ). അവർ അവനെ വിശ്വസിച്ചിരുന്നു എങ്കിൽ അവർ ''വെളിച്ച മക്കൾ'' ആകുമായിരുന്നു (വാ.36). അവർ അവന്റെ വെളിച്ചത്തിന്റെ പ്രതിഫലനങ്ങളാകുമായിരുന്നു.

അവർ അവനെ കൈക്കൊണ്ടില്ലെങ്കിലോ? ആ അദ്ധ്യായത്തിന്റെ അവസാനം കണ്ണോടിച്ചാൽ വെളിച്ചം തള്ളിക്കളഞ്ഞാലുള്ള അപകടം കാണാം. അവിടെ യേശു പറഞ്ഞു,

> എന്നിൽ വിശ്വസിക്കുന്ന ആരും ഇരുളിൽ വസിക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു. എന്റെ വചനം കേട്ട് പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല; ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ വന്നിരിക്കുന്നത്. എന്റെ വചനം കൈക്കൊള്ളാതെ, എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:46–48).[21]

പ്രസംഗത്തെക്കുറിച്ച് യോഹന്നാൻ തന്റെ വിവരണം അവസാനിപ്പിച്ച് പറയുന്നു, "ഇതു സംസാരിച്ചിട്ട് യേശു വാങ്ങിപോയി അവരെ വിട്ടു മറഞ്ഞു" (വാ.36). നമ്മുടെ ബാഹ്യരൂപരേഖ ശരിയാണെങ്കിൽ, അവൻ തന്റെ ശിഷ്യന്മാരുമായി ഒലിവ് മലഞ്ചെരുവിലേക്ക് "പുറപ്പെട്ടു പോയി" (മത്തായി 24:1, 3). എങ്ങനെയായാലും, "എവിടെ" എന്നതു പ്രാധാന്യമുള്ള കാര്യമല്ല; പ്രാധാന്യമുള്ളത് അവൻ പുറപ്പെട്ടുപോയി എന്നതാണ് (കെജെവി നോക്കുക).

അവരെ "മറഞ്ഞു" അവർക്ക് ലഭിച്ച പ്രകാശമുള്ള അവസരം തീർന്നുപോയി.

**ഉപസംഹാരം**

കർത്താവിന്റെ "അവസാനത്തെ പ്രസംഗത്തോട്" ആളുകൾക്കുള്ള പ്രതികരണം എന്തായിരുന്നു? യെഹൂദന്മാരെ മഥിച്ചിരുന്ന അവിശ്വാസത്തെ ഊന്നിപ്പറഞ്ഞിരിക്കുകയാണ് യോഹന്നാൻ 12 ന്റെ അവസാനഭാഗത്ത് (വാ.37 –50).[22] ഞാൻ ആളുകളോട് പ്രതികരിക്കുവാൻ പറഞ്ഞിട്ട് പ്രതികരിക്കാതിരുന്നാൽ എത്ര ദുഃഖമുണ്ടാകുമെന്ന് എനിക്കറിയാം; തന്റെ ശ്രോതാക്കൾ പ്രതികരിക്കാതിരുന്നത് തീർച്ചയായും യേശുവിനെ വേദനിപ്പിച്ചിരിക്കും.

എങ്ങനെയായാലും, ഇപ്പോൾ, നാം വ്യക്തിപരമായ പ്രായോഗികത വരുത്തേണ്ടതുണ്ട്.[23] നാം യേശുവിനെ അനുമോദിക്കുന്നുണ്ടോ? നാം ക്രൂശിനെ അഭിനന്ദിക്കുന്നുണ്ടോ (വാ.27)? നാഴികയുടെ അടിയന്തരപ്രാധാന്യം നാം മനസിലാക്കുന്നുണ്ടോ? *നിങ്ങളുടെ* പ്രതികരണത്തിനുള്ള "നാഴിക വന്നിരിക്കുന്നു." നിങ്ങൾ കർത്താവിന്റെ അടുക്കലേക്ക് വരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് ഇപ്പോൾ ചെയ്യുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്.

---

കുറിപ്പുകൾ

[1]സ്ഥലത്തെ ഇടവകകളിൽ ലെക്ചർഷിപ്പിനു പ്രസംഗിക്കുവാൻ ആവശ്യപ്പെടുമ്പോൾ, പൊതുവിൽ, വിഷയങ്ങൾ നൽകാറുണ്ട്. [2]മുമ്പ് പറഞ്ഞതുപോലെ, യവനന്മാരുടെ സംഭവം എപ്പോഴാണ് നടന്നത് എന്ന് കൃത്യമായി പറയുക സാധ്യമല്ല. [3]യേശു സ്ത്രീകളുടെ പ്രാകാരത്തിലായിരുന്നേക്കാം. നമ്മുടെ ബാഹ്യരൂപരേഖയിൽ, ഈ സംഭവം വിധവയുടെ രണ്ടു ചില്ലിക്കാശ് ഇടുന്നതിന് മുൻപായിരുന്നു. അതു സംഭവിച്ചത് ശ്രീഭണ്ഡാരത്തിനടുത്തായിരുന്നു (ലൂക്കൊസ് 21:1) അതു സ്ത്രീകളുടെ പ്രാകാരത്തിലുമായിരുന്നു. ജാതികൾക്ക് സ്ത്രീകളുടെ പ്രാകാരത്തിൽ പ്രവേശിക്കുവാൻ അനുവാദമില്ലായിരുന്നു. അതു യേശുവിനെ കാണുവാൻ ആഗ്രഹിച്ച് ആവശ്യപ്പെട്ട സംഭവവുമായി യോജിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, യേശു എവിടെയായിരുന്നുവോ അവിടെ നിന്ന് ജാതികളുടെ പ്രാകാരത്തിലേക്ക് അവന് വരേണ്ടിയിരുന്നു. [4]പുതിയ നിയമത്തിൽ പല യെഹൂദന്മാർക്കും ക്രിസ്ത്യാനികൾക്കും "ദൈവ–ഭയം" ഉള്ളവരായി പറഞ്ഞിട്ടുണ്ട് – യെഹൂദന്മാരായി തീരാതിരുന്ന ജാതികളുടെ വിശ്വാസത്തെ സൂചിപ്പിക്കുന്ന പ്രത്യേക അർത്ഥത്തിലും ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. [5]*പ്രോസെർക്കൊമായി* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് "പ്രൊസിലൈറ്റ്" വന്നത്, അത് *പ്രോസ്* എന്നും ("ടു" അല്ലെങ്കിൽ "ടുവേർഡ്സ്") *എർക്കൊമായി* ("ടു കം") എന്നും സംയോജിക്കുന്നതാണ്. യെഹൂദമതാനുസാരികളാകുന്ന ജാതികളെയാണ് ഇത് സൂചിപ്പിക്കുന്നത്. യെഹൂദമതാനുസാരിയാകുന്നതിന് മൂന്നു ചടങ്ങുകളാണുണ്ടായിരുന്നത്: (1) ആണാണെങ്കിൽ, പരിച്ഛേദന; (2) സാക്ഷികളുടെ മുൻപാകെ സ്വയ–സ്നാനം (മുങ്ങൽ); (3) യാഗം അർപ്പിക്കൽ (ദൈവാലയം ഉള്ളേടത്തോളം). പരി–ച്ഛേദന ആവശ്യമായതുകൊണ്ട് പുരുഷന്മാരേക്കാൾ സ്ത്രീകളായിരുന്നു പരിവർത്തനം ചെയ്തിരുന്നത്. [6]"ഫിലിപ്" എന്നതു ഒരു സംയുക്ത ഗ്രീക്ക് വാക്കിന്റെ ചുരുക്ക രുപമാണ്, അർത്ഥം "ഹോർസ്–ലവർ" എന്നാണ്. [7]രണ്ടു ബേത്ത്സെയിദ ഉണ്ടായിരുന്നു. ഒന്ന് ഗലീലാ കടലിന്റെ പടിഞ്ഞാറെ തീരത്തുള്ള കഫർന്നഹൂമിനടുത്ത് ഉള്ളതായിരുന്നു (മർക്കൊസ് 6:45). മറ്റൊന്ന്, വാസ്തവത്തിൽ അറി

യപ്പെട്ടിരുന്നത് ബേത്ത്സെയിദാ–ജൂലിയാസ് എന്നായിരുന്നു, അതു കടലിന്റെ വടക്ക് കിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു ഗ്രാമമായിരുന്നു. കഫർന്നഹൂമിനടുത്തുള്ള ബേത്ത്സെയിദയിലായിരുന്നേക്കാം ഫിലിപ്പൊസ് പാർത്തിരുന്നത്, ഒരുപക്ഷെ ജാതികളുടെ പ്രദേശമായിരുന്ന, ഗലീലാ കടലിന്റെ കിഴക്കേ തീരത്തായിരുന്നേക്കാം അവൻ താമസിച്ചിരുന്നത്. [8]പ്രാരംഭ ചരിത്രകാരനായിരുന്ന യൂസേബിയസ്, ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമായി പറയുന്നത് സുറിയൻ രാജാവ് യവനന്മാരെ യേശുവിന്റെ അടുക്കൽ അയച്ച് അഭയസ്ഥാനം നൽകാമെന്ന് അറിയിക്കുന്നതിനായിരുന്നു എന്നാണ്, പക്ഷെ അതിന് ആധികാരികതയില്ല. [9]ഫിലിപ്പൊസും യോഹന്നാനും ഒരേ ടൗണിൽനിന്നുള്ളവരായിരുന്നു (യോഹന്നാൻ 1:44). [10]ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ച് യോഹന്നാന്റെ വിവരണത്തിന്റെ അവസാനഭാഗത്തെ മുഖ്യ വിഷയമാണ് "തേജസ്" നിങ്ങൾ വായിക്കുമ്പോൾ അതു നോക്കുക.

[11]*ക്രിസ്തുവിന്റെ ജീവിതം, 2* ലെ "നമ്മുടെ രണ്ടു കുടുംബങ്ങൾ" എന്ന പാഠം നോക്കുക. [12]യേശു സ്വർഗത്തിലായിരിക്കും (2 കൊരിന്ത്യർ 5:8; ഫിലിപ്പിയർ 1:23: വെളിപ്പാട് 21:3). [13]സംക്ഷിപ്ത സുവിശേഷവിവരണങ്ങളിൽ, എഴുത്തുകാർ ആ രംഗം രേഖപ്പെടുത്തി കഴിഞ്ഞിരുന്നു. [14]യോഹന്നാൻ 12:27 ലെ "ബട്ട്" എന്ന ഇംഗ്ലീഷ് വാക്ക് *അല്ലാ* എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതാണ്, അത് ഒരു അഡ്വെർസേറ്റിവ് ആണ്. ഈ അവസരത്തിൽ "ബട്ട്" എന്നതിനേക്കാൾ ശക്തമായ വാക്ക് ആവശ്യമായിരുന്നേക്കാം. ആർഎസ്വി യിൽ "നോ" എന്നാണ്. [15]ഇതിനെ "എല്ലിപ്സിസ്" എന്നു വിളിച്ചിരുന്നു – അതിൽ ചില വാക്കുകളില്ല എങ്കിലും അന്തർലീനമാണ്. [16]കോസ്മോസ് എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതാണ് "ലോകം," അതിന്റെ അടിസ്ഥാന അർത്ഥം "ക്രമം" എന്നാണ്. ഈ വാക്യത്തിൽ അത് പ്രപഞ്ചത്തെയല്ല സൂചിപ്പിക്കുന്നത്, ഭൂമിയെയാണ്. (പ്രത്യേകിച്ച്, അത് "ലോക ക്രമത്തെ" ആണ് അർത്ഥമാക്കുന്നത്, അല്ലാതെ ഭൗതികമൂലകങ്ങളായ പാറയും വൃക്ഷങ്ങളുമല്ല). [17]സാത്താനെ കുറിച്ച് കൂടുതൽ അറിയുവാൻ *ക്രിസ്തുവിന്റെ ജീവിതം, 1* ലെ "യേശുവിന്റെ പരീക്ഷണം" എന്ന പാഠം നോക്കുക. [18]യോഹന്നാൻ 12:32 ലെ "എങ്കിൽ" എന്നത് "അപ്പോൾ" എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്: "ഞാൻ ഉയർത്തപ്പെടുമ്പോൾ. ..." അവന്റെ ക്രൂശീകരണത്തിനു യാതൊരു സംശയവുമില്ലായിരുന്നു (തൊട്ടടുത്ത വാക്യം നോക്കുക). [19]കാന്തത്തിന്റെ ആകർഷണശക്തി ഉപയോഗിക്കാവുന്ന മറ്റൊരു സാമ്യമാണ്. പ്രസംഗത്തിന്റെ അവസാനമുള്ള കുറിപ്പ് നോക്കുക. [20]"ദ ലാ" എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ആദ്യത്തെ അഞ്ചു പുസ്തകം മാത്രമായിരിക്കയില്ല, മറിച്ച് പഴയനിയമം മൊത്തത്തിലായിരിക്കും ഉദ്ദേശിച്ചിരിക്കുന്നത്.

[21]യോഹന്നാൻ 12:46–48 നെക്കുറിച്ചുള്ള ചുരുങ്ങിയ വിവരണത്തിനു, *ക്രിസ്തുവിന്റെ ജീവിതം, 5* ലെ "അവൻ പുറപ്പെട്ടു പോയി" എന്ന പാഠം നോക്കുക. [22]യോഹന്നാൻ 12:37–50 നെക്കുറിച്ചുള്ള വ്യാഖ്യാനത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 5* ലെ "അവൻ പുറപ്പെട്ടു പോയി" എന്ന പാഠം നോക്കുക. [23]നിങ്ങളുടെ ശ്രോതാക്കൾക്ക് യോജിക്കുന്ന വിധത്തിൽ വേണമെങ്കിൽ ഈ പ്രായോഗികത വിപുലമാക്കാം. വാക്യം 25 ലും 26 ലും ക്രിസ്തു നല്കിയ വെല്ലുവിളിയിലേക്ക് നിങ്ങൾക്ക് വേണമെങ്കിൽ പോകാം. "നാം മരിക്കുവാൻ തയ്യാറാണോ അല്ലയോ എന്ന് നാം തീരുമാനിക്കണം. നമ്മുടെ ജീവിതം കർത്താവിന് സമർപ്പിക്കുവാൻ നാം തീരുമാനിക്കണം. നാം അവന്റെ വെല്ലുവിളി നേരിടണം!" നിങ്ങൾ പ്രായോഗികത വരുത്തുമ്പോൾ, നിങ്ങളുടെ കേൾവിക്കാർ അവനെ അനുസരിക്കാതെ പിൻപറ്റുവാൻ തയ്യാറായിട്ടില്ല എന്ന് അവരെ ഓർപ്പിക്കണം. അത് അ–ക്രൈസ്തവരെയും തെറ്റിപ്പോയ ക്രിസ്ത്യാനികളെയും ഒരുപോലെ ബാധിക്കുന്നതാണ് (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; 8:22, 23; യോക്കൊബ് 5:16).